പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## മുപ്പത്തിയെട്ടാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)യുടെ ഏഴാമത് റിപ്പോർട്ടിലെ (സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനം സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## മുപ്പത്തിയെട്ടാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)യുടെ ഏഴാമത് റിപ്പോർട്ടിലെ (സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനം സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

336/2016.

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. പി. മുഹമ്മദ്

<u>അംഗങ്ങൾ</u> :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# റിപ്പോർട്ട്

## അദ്ധ്യായം I

സംസ്ഥാനത്ത് നിയമാനുസൃതമായും അല്ലാതെയും പ്രവർത്തിച്ചുവരുന്ന നിരവധി കരിങ്കൽ ക്വാറികളും മെറ്റൽക്രഷറുകളും ചേർന്ന് പ്രത്യക്ഷമായും പരോക്ഷമായും ഉയർത്തിയിരിക്കുന്ന വിവിധതരത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് പരിസ്ഥിതി സംബന്ധിച്ച സമിതിക്ക് നിരവധി നിവേദനങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. സമിതിക്ക് ലഭിച്ച പ്രസ്തുത നിവേദനങ്ങളുടെയും ഇത് സംബന്ധിച്ച പത്രവാർത്തകളുടെയും മറ്റും അടിസ്ഥാനത്തിൽ സമിതി സമഗ്രമായ പഠനം നടത്തിയതിന്റെയും ക്വാറികൾ സന്ദർശിച്ച് തെളിവെടുപ്പ് നടത്തിയതിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതി (2014-2016)യുടെ ഏഴാമത് റിപ്പോർട്ട് 18-6-2014-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ആകെ 18 ശിപാർശകളാണുണ്ടായിരുന്നത്. സമിതിയുടെ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ 21-11-2014-ൽ പരിസ്ഥിതി, വ്യവസായം, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുത്തതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ വകുപ്പുകളിൽ നിന്നും മറ്റ് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. സമിതിയുടെ ശിപാർശകൾ, അതിന്മേൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ രണ്ടാം അദ്ധ്യായത്തിലും സർക്കാരിൽ നിന്നും ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശകൾ, അതിന്മേലുള്ള സമിതി തീരുമാനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ മൂന്നാം അദ്ധ്യായത്തിലും ചേർത്തിരിക്കുന്നു.

3. കരിങ്കൽ ക്വാറികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗ്രാമീണ റോഡുകളുടെ സംരക്ഷണത്തിനും വൻഅപകടങ്ങൾ ഒഴിവാക്കുന്നതിനായി 8 മീറ്ററിൽ കുറഞ്ഞ വീതിയുള്ള റോഡുകളിൽ 10 ടണ്ണിന് മുകളിൽ കപ്പാസിറ്റിയുള്ള വാഹനങ്ങൾ നിരോധിക്കുന്നത് സംബന്ധിച്ച് സമിതി നടത്തിയ ശിപാർശയുടെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ടും 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 115-ാം വകുപ്പുപ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ടും സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം (S.R.O.No.651/2015) ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകൾ, അതിന്മേൽ സർക്കാരിന്റെ വിവിധ വകപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം

### ശിപാർശ 1 (ഖണ്ഡിക 6)

സംസ്ഥാനത്ത് നിലവിലുള്ള പാറകളെപ്പറ്റിയും പ്രകൃതിക്കും പരിസ്ഥിതിക്കും ഗുരുതരമായ ആഘാതങ്ങൾ ഉളവാക്കാതെ അവയിലോരോന്നിൽനിന്നും ഖനനം ചെയ്യാവുന്ന പാറകളുടെ അളവിനെപ്പറ്റിയും കൃത്യമായ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇതിനായുള്ള പഠനത്തിന്റെ നേതൃത്വം സെസ്സിനെ ഏൽപ്പിക്കണമെന്നും സംസ്ഥാനത്തുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സേവനം കൂടി പ്രയോജനപ്പെടുത്തി ഒരു വർഷത്തിനകം പ്രസ്തുത പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### (എ) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 49456/പി2/14/റവ. തീയതി 11-8-2015)

ഖനനം ചെയ്യാൻ അനുമതി നൽകുന്നതിന് അനുയോജ്യമായ പാറകളുടെ വിവരം മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ കൈവശം ഉണ്ടായിരിക്കേണ്ടതാണ്. ഖനനാനുമതി നൽകുന്ന കാര്യത്തിൽ പൂർണ്ണഅധികാരം മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് നൽകി 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. മറ്റ് ശിപാർശകൾ സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് വ്യവസായ വകുപ്പ് മുഖേന നിർദ്ദേശം നൽകുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

### (ബി) ഉന്നതവിദ്യാഭ്യാസ (പി)വകുപ്പ്

(സർക്കാർ കത്ത് നമ്പർ 4931/പി/15/ഉ.വി.വ. തീയതി 16-5-2015)

സംസ്ഥാനത്ത് നിലവിലുള്ള പാറകളെപ്പറ്റിയും പ്രകൃതിക്കും പരിസ്ഥിതിക്കും ഗുരുതരമായ ആഘാതങ്ങൾ ഉളവാക്കാതെ അവയിൽനിന്നും ഖനനം ചെയ്യാവുന്ന പാറകളുടെ അളവിനെപ്പറ്റിയും കൃത്യമായ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കണമെന്നും

ഇതിനായുള്ള പഠനം സെസ്സിന്റെ (CESS) നേതൃത്വത്തിൽ സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സേവനം പ്രയോജനപ്പെടുത്തി ഒരു വർഷത്തിനകം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്നമാണ് പരിസ്ഥിതി സംബന്ധിച്ച സമിതി ( 2014-2016)യുടെ 7-ാമത് റിപ്പോർട്ട് ഖണ്ഡിക 6-ൽ ശിപാർശ ചെയ്തിരിക്കുന്നത്. സമിതി ശിപാർശ ചെയ്തിരിക്കുന്ന പ്രകാരം പഠനത്തിന്റെ നേതൃത്വം മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സെസ്സിനെ ഏൽപ്പിക്കുകയും പഠനത്തിനായി സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സേവനം ആവശ്യപ്പെടുകയും എന്തൊക്കെ സേവനങ്ങളാണ് ലഭ്യമാക്കേണ്ടതെന്ന് അറിയിക്കുകയും ചെയ്യുന്നമുറയ്ക്ക് മാത്രമേ ഉന്നതവിദ്യാഭ്യാസ വകുപ്പിന് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്നും ഈ വകുപ്പിൽ നിന്നും നേരിട്ട് നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കേണ്ട മറ്റ് ശിപാർശകളൊന്നും റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല എന്നും അറിയിക്കുന്നു.

(5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (സി) വ്യവസായ (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 24322/എ 3/14/വ്യവ. തീയതി 19-9-2015)

സംസ്ഥാനത്തെ കോഴിക്കോട് ജില്ലയിലെ 2 താലൂക്കുകൾ ഒഴിച്ച് മറ്റെല്ലാ ജില്ലകളിലേയും എല്ലാ മൈനർ, മിനറൽ ക്വാറികളേയും സംബന്ധിച്ചുള്ള വിവരശേഖരണം നടത്തുകയും അതുപ്രകാരം ബേസ് മാപ്പുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടങ്ങളും നിയമങ്ങളും അതിനോടനുബന്ധിച്ചുള്ള 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ നിയമങ്ങളും പ്രകാരം പരിസ്ഥിതിക്ക് കോട്ടംതട്ടാത്ത രീതിയിൽ ഖനനാനുമതി നൽകിവരുന്നു. എന്നാൽ സംസ്ഥാനത്ത് നിലവിലുള്ള പാറകളെപ്പറ്റിയും പ്രകൃതിക്കും പരിസ്ഥിതിക്കും ഗുരുതരമായ ആഘാതങ്ങൾ ഉളവാക്കാതെ അവയിൽ ഓരോന്നിൽനിന്നും ഖനനം ചെയ്യാവുന്ന പാറകളുടെ അളവിനെപ്പറ്റിയും കൃത്യമായ വിവരങ്ങൾ തയ്യാറാക്കുന്നതിലേക്കായി നിയമസഭാ പരിസ്ഥിതി സമിതിയുടെ നിർദ്ദേശപ്രകാരം നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് ആന്റ് സ്റ്റഡീസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

### ശിപാർശ 2 (ഖണ്ഡിക 7)

അനധികൃത ഖനനത്തിനുള്ള ശിക്ഷ തുച്ഛമായ ഫൈൻ മാത്രമായി നിലനിൽക്കുന്നത് വാസ്തവത്തിൽ അനധികൃതഖനനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് തുല്യമാണെന്നും ലൈസൻസ് നേടാതെ പാറപൊട്ടിക്കുന്നവരിൽനിന്നും ഫൈൻ ഈടാക്കിയതുകൊണ്ട് മാത്രം കാര്യമില്ലെന്നും അവർക്ക് ജയിൽശിക്ഷ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ നിയമംമൂലം ഉറപ്പിക്കുകയാണ് വേണ്ടതെന്നും ആയതിന് ആവശ്യമായ വ്യവസ്ഥകൾ ബന്ധപ്പെട്ട നിയമങ്ങളിൽ ഉൾക്കൊള്ളിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## (എ) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 52360/ആർ.സി3/14/തസ്വഭവ. തീയതി 4-8-2015)

നഗരസഭാ പ്രദേശങ്ങളിൽ താഴെപ്പറയുന്ന പ്രകാരം ലൈസൻസോടെ ക്വാറികൾ പ്രവർത്തിച്ചുവരുന്നു.

(എ) തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ —7

(ബി) ഒറ്റപ്പാലം മുനിസിപ്പാലിറ്റി — 1

(സി) നെടുമങ്ങാട് മുനിസിപ്പാലിറ്റി — 2

(ഡി) കൽപ്പറ്റ മുനിസിപ്പാലിറ്റി —3

അനധികൃത ക്വാറികൾ ഒരിടത്തും പ്രവർത്തിക്കുന്നില്ല. നഗരസഭകളിൽ കോമ്പൗണ്ടിംഗ് ഫീസ് വസൂലാക്കി ക്വാറികളുടെ പ്രവർത്തനം ക്രമീകരിച്ചിട്ടില്ല.

പാറഖനനം നടത്തുന്നതിന് നിലവിൽ ഗ്രാമപഞ്ചായത്തുകളിൽനിന്നും ലൈസൻസ് നൽകുന്നത്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നുള്ള ക്വാറിയിംഗ് പെർമിറ്റ്, ക്വാറി ചെയ്യാനുദ്ദേശിക്കുന്ന പ്രദേശത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് റവന്യൂ വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം, മലിനീകരണനിയന്ത്രണ ബോർഡ്, പരിസ്ഥിതി വകുപ്പ്, വ്യവസായ വകുപ്പ് എന്നീ വകുപ്പുകളുടെ അനുമതിപത്രം എന്നിവയുടെ അടിസ്ഥാനത്തിലാണ്. മറ്റുള്ള വകുപ്പുകളിൽ നിന്നും ക്വാറി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ എല്ലാ രേഖകളും ഹാജരാക്കുന്നമുറയ്ക്ക് പ്രാദേശികമായി എതിർപ്പുകളോ മറ്റ് പ്രശ്നങ്ങളോ ഇല്ലെങ്കിൽ സാധാരണഗതിയിൽ ഗ്രാമപഞ്ചായത്തുകൾ പ്രവർത്തന ലൈസൻസ് നൽകുന്നുണ്ട്. മറ്റ് വകുപ്പുകളിൽ നിന്നുള്ള സാക്ഷ്യപത്രങ്ങളിൽ പറയുന്ന കാലാവധിവരെയാണ് ഗ്രാമപഞ്ചായത്ത് D and O ലൈസൻസ് നൽകുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമവും അതിൻകീഴിൽ വിജ്ഞാപനം ചെയ്ത 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരവും ഡി ആന്റ് ഒ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിനെതിരെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 255-ാം വകുപ്പുപ്രകാരം കുറ്റസ്ഥാപനത്തിന്മേൽ 1,000 രൂപ പിഴയും തുടർന്ന് കുറ്റം ആവർത്തിക്കുന്ന ഓരോ ദിവസവും 50 രൂപ വീതവും പിഴ ഈടാക്കുന്നതിനുള്ള വ്യവസ്ഥകൾ മാത്രമേയുള്ളൂ.

എന്നാൽ 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിലെ 108-ാം ചട്ടത്തിൽ പ്രസ്തുത ചട്ടങ്ങളുടെ ലംഘനത്തിന് 2 വർഷംവരെ തടവും 5 ലക്ഷം രൂപവരെ പിഴയോ രണ്ടുംകൂടിയോ ചുമത്തി ശിക്ഷിക്കുന്നതിന് വ്യവസ്ഥയുണ്ട്. ആയത് ചുവടെ ചേർക്കുന്നു:

"*Penalties*—(1) Whoever contravenes any provisions of these rules shall punishable with imprisonment for a term which may extend to two years, or with a fine which may extend five lakh rupees or with both and in the case of continuing contravention, with an additional fine which may extend to Fifty Thousand Rupees for everyday during which such contravention continues after conviction for the first such contravention.

(2) Whenever any person raises without any lawful authority any mineral from any land, the Government or the competent authority may recover from such person or the occupier of the land the mineral so raised or where such mineral has already been disposed of, the price thereof, and may also recover from such person rent, royalty or tax, as the case may be, for the mineral extracted by such person or occupier of the land without any lawful authority:

Provided that whenever a person who opted for Consolidated Royalty Payment System extract minor minerals from the area under mineral concession, after the date of expiry of permit or extracts minor minerals from outside the area under mineral concession without any lawful authority, he shall be liable to pay the royalty at the rate prescribed in Schedule I and price limited to twice the royalty amount, of the entire quantity of the minor mineral illegally extracted from the area. In such a case while calculating the amount of royalty and price payable, the amount already paid by the permit holder/lessee for obtaining permission shall be deducted:

Provided further that in the case of Government lands, any rent, tax or fee or compensation for the mineral extracted, as the case may be, as fixed by the department concerned shall be recovered from such person.

(3) Whenever a lessee who has obtained a registration for a metal crusher unit as per the provisions of these rules, is found operating any additional number of crushers than permitted or found operating any crusher with size or sizes other than the permitted one such action of the lessee shall be considered as illegal and he shall be liable for payment of an amount equal to two times the annual consolidated royalty for the size of the illegally operating crusher as stipulated in Schedule III of these rules, in addition to the amount remitted for obtaining a registration for the metal crusher unit for the financial year.

ഈ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുന്നതിന് ക്വാറിയുമായി ബന്ധപ്പെട്ട അനുമതി നൽകുന്ന വകുപ്പുകളുടെ യോജിച്ച പ്രവർത്തനം ഉണ്ടാകേണ്ടത് അനിവാര്യമാണ്.

അനധികൃത ക്വാറി സംബന്ധിച്ച് പരിശോധന നടത്തുന്നതിനും, നടപടികൾ സ്വീകരിക്കുന്നതിനും മേൽപ്പറഞ്ഞ വകുപ്പുകളിലെ ഉദ്യോഗസ്ഥരേയും പ്രദേശത്തെ പോലീസ് ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി വിജിലൻസ് സ്ക്വാഡ് രൂപീകരിക്കുന്നതും അഭികാമ്യമായിരിക്കും. ഇതുമായി ബന്ധപ്പെട്ട് സർക്കാർ 2-8-2011-ൽ പുറപ്പെടുവിച്ച ജി.ഒ. (ആർറ്റി.) നമ്പർ 1824/11/എൽ. എസ്. ജി. ഡി. ഉത്തരവിൽ സംസ്ഥാന, ജില്ലാ, ഡിവിഷണൽ വിജിലൻസ് മോണിറ്ററിംഗ് രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തുകളിലെ ഉൾഭാഗങ്ങളിലാണ് മിക്ക അനധികൃത ക്വാറികളുമുള്ളത് എന്നതിനാൽ പ്രാദേശികതലത്തിൽ വിജിലൻസ് സ്ക്വാഡ് രൂപീകരിക്കേണ്ടത് അനധികൃത പാറഖനനം ഉൾപ്പെടെയുള്ള മറ്റ് ഖനനങ്ങളും കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് ഉപയുക്തമായിരിക്കും. ഈ സ്ക്വാഡിൽ മേൽപ്പറഞ്ഞ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരെ കൂടാതെ പ്രദേശത്തെ പരിസ്ഥിതി സംഘടനകളുടെയോ റസിഡൻഷ്യൽ അസോസിയേഷനുകളുടെയോ ഒന്നോ, രണ്ടോ പ്രതിനിധികളെ ഉൾപ്പെടുത്തുന്നതും ഉചിതമായിരിക്കും.

(5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 49456/പി2/14/റവ. തീയതി 11-8-2015)

2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾപ്രകാരം അനധികൃത ഖനനത്തിന് ഈടാക്കുന്ന പിഴ അഞ്ച് ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (സി) വ്യവസായ (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 24322/എ 3/14/വ്യവ. തീയതി 19-9-2015)

മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് 2015-ലെ കെ. എം. എം. സി. ചട്ടങ്ങൾ പ്രകാരം ചെറുകിട ധാതുക്കൾ ഖനനം ചെയ്യുന്നതിന് ലൈസൻസ് നൽകി വരുന്നു. ലൈസൻസ് നൽകുന്ന ക്വാറികളെ സംബന്ധിച്ചുള്ള പൂർണ്ണവിവരം വകുപ്പിൽ ലഭ്യമാണ്. കൂടാതെ അനധികൃത ഖനനം നടക്കുന്ന ക്വാറികളെ സംബന്ധിച്ച് അറിവ് ലഭിച്ചാൽ ടി സ്ഥലം വിശദമായി പരിശോധിക്കുകയും ഖനനം ചെയ്ത ധാതുവിന്റെ അളവ് തിട്ടപ്പെടുത്തി KMMCR ചട്ടം 108(2) പ്രകാരം പിഴയും റോയൽറ്റിയും ടിയാനിൽ നിന്ന് ഈടാക്കുകയും ചെയ്യുന്നു. അനധികൃത ഖനനം നടന്ന സ്ഥലം സർക്കാർ പാറ പുറമ്പോക്ക് ആണെങ്കിൽ അനധികൃത ഖനനം സംബന്ധിച്ച വിവരം ജില്ലാ കളക്ടർ/റവന്യൂ/പോലീസ്

അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിലെ 108(1), (2) എന്നിവ പ്രകാരം അനധികൃത ഖനനം നടത്തുന്നതിന് പിഴയിനത്തിൽ മാത്രമായി പരമാവധി രണ്ട് വർഷം ജയിൽശിക്ഷയോ 5 ലക്ഷം രൂപ വരെ പിഴ ഈടാക്കുന്നതിനും തുടർന്ന് നടത്തുന്ന അനധികൃത ഖനനത്തിന് പ്രതിദിനം 50,000 രൂപ വീതം അധിക പിഴ ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ഖണ്ഡിക 7-ൽ പരാമർശിക്കുന്നതും അനധികൃത ഖനനം നടത്തുന്ന ക്വാറി ഉടമകൾക്ക് പരമാവധി ശിക്ഷ ഉറപ്പുവരുത്തുന്നതുമായ ചട്ടഭേദഗതികൾ 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 3 (ഖണ്ഡിക 8)</u>

ഖനനപ്രവർത്തനംമൂലം പരിസരപ്രദേശങ്ങളിൽ നാശനഷ്ടങ്ങൾ ഉണ്ടാക്കാതിരിക്കുക എന്നത് ഖനനാനുമതി നേടുന്നവരുടെ ഉത്തരവാദിത്വമായതിനാൽ ഖനനപ്രവർത്തനംമൂലമുള്ള നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം ഖനനം ചെയ്യുന്നവരിൽനിന്ന് ഈടാക്കുവാനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കണമെന്നും ഖനനവുമായി ബന്ധപ്പെട്ട് പൊതുമുതൽ നശിപ്പിക്കുന്നവർക്കെതിരെ ക്രിമിനൽ നടപടി ചട്ടമനുസരിച്ചുള്ള ശിക്ഷാനടപടികൾ എടുക്കുന്നതിനുള്ള സാദ്ധ്യതകൂടി സർക്കാർ ആരായണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 52360/ആർ.സി3/14/തസ്വഭവ. തീയതി 4-8-2015)

ക്വാറികളുടെ പ്രവർത്തനംമൂലം പരിസരപ്രദേശങ്ങളിൽ നാശനഷ്ടം വന്നിട്ടുള്ളത് സംബന്ധിച്ച് നഗരസഭകളിൽ നിന്നും റിപ്പോർട്ടുകൾ ഒന്നും ലഭിച്ചിട്ടില്ല.

പ്രവർത്തന ലൈസൻസ് നൽകുന്നതിലൂടെ ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്നത് വളരെ തുച്ഛമായ തുകയാണ്. ക്വാറികളുടെ പ്രവർത്തനംമൂലം പരിസരത്തുള്ള ഗ്രാമീണ റോഡുകൾക്കും മറ്റും വളരെയധികം കേടുപാടുകൾ ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ക്വാറിയിൽനിന്നുള്ള ഉൽപ്പന്നങ്ങൾ കയറ്റി കൊണ്ടുപോകുന്നതുമൂലം ഗ്രാമപഞ്ചായത്തിലെ റോഡുകൾക്കുണ്ടാകുന്ന നഷ്ടം കണക്കിലെടുത്ത് ക്വാറികൾക്ക് ലെവി ഏർപ്പെടുത്തി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകി പഞ്ചായത്ത് രാജ് ആക്ടിൽ വ്യവസ്ഥകൾ ഉൾപ്പെടുത്താവുന്നതാണ്.

ക്വാറികൾ ഖനനം കഴിഞ്ഞ് ഉപേക്ഷിക്കുന്നതോടെ രൂപപ്പെടുന്ന ഗർത്തങ്ങളിൽ വർഷകാലത്ത് വന്നുനിറയുന്ന ജലം പൊതുജനങ്ങളുടെയും വളർത്തുമൃഗങ്ങളുടെയും ജീവഹാനിക്കിടയാക്കുന്നതായുള്ള സംഭവങ്ങൾ വർദ്ധിച്ചിട്ടുണ്ട്. അതിനാൽ ക്വാറിക്ക്

ലൈസൻസ് അനുവദിക്കുന്ന വേളയിൽ ഖനനം കഴിഞ്ഞുപേക്ഷിക്കുന്ന സ്ഥലത്ത് നിശ്ചിത അളവിലും പൊക്കത്തിലും സംരക്ഷണഭിത്തി നിർമ്മിക്കാമെന്ന് ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെടുന്നതിനുള്ള വ്യവസ്ഥകൂടി ഡി ആന്റ് ഒ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നത് അഭികാമ്യമായിരിക്കും. അതോടൊപ്പം ക്വാറികളുടെ പ്രവർത്തനംമൂലം പ്രസ്തുത പ്രദേശത്ത് എന്തെങ്കിലും നാശനഷ്ടമുണ്ടാകുകയോ ജീവഹാനി സംഭവിക്കുകയോ അപകടം സംഭവിക്കുകയോ ചെയ്താൽ അതിനുള്ള നഷ്ടപരിഹാരം നൽകിക്കൊള്ളാമെന്ന് ലൈസൻസി ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെടുന്നതിനും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) ആഭ്യന്തര (എഫ്) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 39956/എഫ്1/15/ആഭ്യന്തരം തീയതി 4-8-2015)

ഖനനപ്രവർത്തനംമൂലമുള്ള നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം ഖനനം ചെയ്യുന്നവരിൽനിന്ന് ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഖനനവുമായി ബന്ധപ്പെട്ട് പൊതുമുതൽ നശിപ്പിക്കുന്നവർക്കെതിരെ ക്രിമിനൽ നടപടി ചട്ടമനുസരിച്ച് ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന്റെ സാദ്ധ്യതയും പരിശോധിക്കുന്നതിനായും സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (സി) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 49456/പി2/14/റവ. തീയതി 11-8-2015)

ഖനനവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലെ പരിസരവാസികൾ ധാരാളം പരാതികൾ നൽകുന്ന സാഹചര്യത്തിൽ ഖനനംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ/ആഘാതങ്ങൾ കണക്കാക്കുന്നതിന് വിദഗ്ദ്ധരുൾപ്പെട്ട ഒരു പ്രത്യേക ട്രസ്റ്റ് രൂപീകരിക്കുന്നതിനും ജില്ലാ കളക്ടർമാർ ചെയർമാനായി ട്രസ്റ്റ് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതിനും കേന്ദ്രസർക്കാർ നിർദ്ദേശമനുസരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ഡി) വ്യവസായ (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 24322/എ 3/14/വ്യവ. തീയതി 19-9-2015)

ക്വാറികളുടെ പ്രവർത്തനംമൂലം ഏതെങ്കിലും തരത്തിലുള്ള നാശനഷ്ടം ഉണ്ടായാൽ പ്രസ്തുത നഷ്ടം പരിഹരിക്കുവാനുള്ള ബാദ്ധ്യത ഖനനാനുമതി നേടിയ വ്യക്തിയിൽ നിക്ഷിപ്തമാക്കിക്കൊണ്ട് 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടം 17-ൽ നഷ്ടപരിഹാര വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 4 (ഖണ്ഡിക 9)

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്വാറികൾ അനുമതി നേടിയവയാണോ വ്യവസ്ഥകൾ പാലിച്ചാണോ പ്രവർത്തിക്കുന്നത്, സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നീ കാര്യങ്ങൾ പരിശോധിക്കുന്നതിനും അല്ലാത്തവയ്ക്കെതിരെ കേസ് ചാർജ് ചെയ്ത് നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ നിയമവ്യവസ്ഥകളും വകുപ്പുതല ക്രമീകരണങ്ങളും അടിയന്തരമായി ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 52360/ആർ.സി3/14/തസ്വഭവ. തീയതി 4-8-2015)

നഗരസഭകളിൽ നിന്നും അനുവദിക്കുന്ന ലൈസൻസിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന കാര്യത്തിൽ നഗരസഭകളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ മുഖേന പരിശോധനകൾ നടത്തുവാൻ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്.

മിക്ക ക്വാറികളുടെയും കാര്യത്തിൽ കണ്ടുവരുന്ന പ്രധാനമായ ഒരു കാര്യമാണ്, അനുവദിച്ച അളവിൽ കൂടുതൽ വ്യാപ്തിയിൽ ഖനനം നടത്തുക എന്നത്. ഇത് കണ്ടെത്തേണ്ടതും നടപടി സ്വീകരിക്കേണ്ടതും മൈനിംഗ് ആന്റ് ജിയോളജി വകുപ്പാണ്. എന്നാൽ ഇത് പാലിക്കപ്പെടുന്നുണ്ടോ എന്ന് അറിയുവാൻ യാതൊരു സംവിധാനവും ഗ്രാമപഞ്ചായത്തുകൾക്കില്ല. അതിനാൽ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന എല്ലാ ക്വാറികളിലും ക്വാറിയിംഗ് സംബന്ധിച്ച അനുമതി പത്രങ്ങളുടെയും ക്വാറിയിംഗിന് നിർണ്ണയിച്ച് നൽകിയ അളവുകളെ സംബന്ധിച്ചുമുള്ള വിവരങ്ങളടങ്ങിയ ഒരു ബോർഡ് പൊതുജനങ്ങൾക്ക് കാണത്തക്കവിധം വ്യക്തമായി എഴുതി പ്രദർശിപ്പിക്കുന്നതിനും ഈ വിവരങ്ങളടങ്ങിയ ഒരു പരിശോധനാ രജിസ്റ്റർ ലൈസൻസി സൂക്ഷിക്കുന്നതിനും വ്യവസ്ഥ ചെയ്യാവുന്നതും മാസത്തിൽ ഒരു ആകസ്മിക പരിശോധനയും രണ്ടുമാസത്തിലൊരിക്കൽ സാധാരണ പരിശോധനയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടത്തി അതിന്റെ റിപ്പോർട്ട് ജില്ലാ മേലധികാരികൾക്ക് നൽകണമെന്നും അതിന്മേൽ നടപടി സ്വീകരിച്ച് ക്രോഡീകരിച്ച റിപ്പോർട്ട് ജില്ലാതലങ്ങളിൽ നിന്ന് സംസ്ഥാനതല ഓഫീസുകളിലേക്കും അവർ മുഖേന സർക്കാരിനും ലഭ്യമാക്കേണ്ടതാണെന്നും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്.

ക്വാറിക്ക് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട വകുപ്പുകളുടെ യോജിച്ച പ്രവർത്തനത്തിലൂടെ മാത്രമേ ഇത്തരത്തിൽ പരിശോധന നടത്താനും നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും കഴിയുകയുള്ളൂ.

(5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 49456/പി2/14/റവ. തീയതി 11-8-2015)

അനധികൃത ക്വാറികൾ കണ്ടെത്തുന്നത് പെർമിറ്റ്/ലീസ് അനുവദിക്കുന്ന ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (സി) വ്യവസായ (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 24322/എ 3/14/വ്യവ. തീയതി 19-9-2015)

ക്വാറി ആക്സിഡന്റിനെക്കുറിച്ച് ഡോ. കെ. വി. ത്രിവിക്രമജിയുടെ നേതൃത്വത്തിൽ നടത്തിയ പഠന റിപ്പോർട്ടും 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടം 10(q)വും മൈൻസ് സേഫ്റ്റി റൂൾസും അനുസരിച്ച് ക്വാറികൾ പ്രവർത്തിപ്പിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് വ്യവസ്ഥചെയ്തിട്ടുള്ളതും ആയത് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ 2006 ഏപ്രിൽ 1 മുതൽ സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന എല്ലാ ക്വാറികളും ബന്ധപ്പെട്ട അധികാരി അംഗീകരിച്ച മൈൻ പ്ലാൻ പ്രകാരം മാത്രമേ പ്രവർത്തിക്കാവൂയെന്ന് 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടം 12-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വ്യവസ്ഥകൾ നടപ്പിലാക്കുന്നതോടെ ഖണ്ഡിക 9-ൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കപ്പെടുന്നതാണ്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 5 (ഖണ്ഡിക 10)</u>

അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾ കണ്ടെത്തി നടപടി സ്വീകരിക്കുവാനുള്ള ഉത്തരവാദിത്വം ചട്ടങ്ങളിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരെ ഏൽപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സംസ്ഥാനത്തെ ക്വാറികളെ സംബന്ധിച്ച് ഉദ്യോഗസ്ഥർ നൽകുന്ന വിവരം സംബന്ധിച്ച് പരിശോധന നടത്തുവാൻ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സംയുക്ത സ്ക്വാഡ് സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## (എ) റവന്യൂ(പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 49456/പി2/14/റവ. തീയതി 11-8-2015)

നിലവിലെ ചട്ടങ്ങൾ പ്രകാരം Competent Authority-ക്കും Authorised Officer-ക്കും മാത്രമേ നിയമപരമായി പരിശോധന നടത്താൻ അനുവാദമുള്ളൂ. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് ഈ വിഷയത്തിൽ നിലവിലുള്ള ഉത്തരവുകൾ പ്രകാരം നടപടികൾ സ്വീകരിക്കുവാൻ ചട്ടങ്ങൾ വിഭാവനം ചെയ്യുന്നുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) വ്യവസായ (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ24322/എ 3/14/വ്യവ. തീയതി 19-9-2015)

അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ഖനനമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി എല്ലാ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ജിയോളജിസ്റ്റ് കൺവീനറുമായി റവന്യൂ ഉദ്യോഗസ്ഥർ, പോലീസ് പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവരെ ഉൾപ്പെടുത്തി ജില്ലാ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയുള്ള ഈ സംവിധാനം ഖണ്ഡിക 10-ൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങൾ പരിഹരിക്കുവാൻ ഉതകുന്നതാണ്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 6 (ഖണ്ഡിക 11)

സംസ്ഥാനത്തെ വിദ്യാസമ്പന്നരായ യുവജനങ്ങളെ ഉൾപ്പെടുത്തി ക്വാറികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പരിസ്ഥിതി ആഘാത പഠനം സെസ്സിന്റെ നേതൃത്വത്തിൽ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## (എ) റവന്യൂ(പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 49456/പി2/14/റവ. തീയതി 11-8-2015)

ഇക്കാര്യത്തിൽ KMMC ചട്ടങ്ങളിൽ പ്രസ്തുത കാര്യം ഉൾപ്പെടുത്തി സമിതി നിർദ്ദേശിച്ചപ്രകാരം നടപടി സ്വീകരിക്കണമെന്നത് വ്യവസായ വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) വ്യവസായ (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 24322/എ 3/14/വ്യവ. തീയതി 19-9-2015)

മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ക്രഷർ യൂണിറ്റുകളിൽ പാറ സ്റ്റോക്ക് ചെയ്യുന്നതിന് മാത്രമുള്ള ലൈസൻസാണ് നൽകുന്നത്. എന്നാൽ ക്രഷർ/ക്വാറികളിൽ നിന്നുള്ള മലിനീകരണവുമായി ബന്ധപ്പെട്ട പഠനങ്ങളും പരിശോധനകളും നടത്തേണ്ടത് മലിനീകരണനിയന്ത്രണ ബോർഡാണ്. കൂടാതെ ഇതു സംബന്ധിച്ചുള്ള പരിസ്ഥിതി ആഘാതപഠനങ്ങൾ നടത്തേണ്ടത് പരിസ്ഥിതി വകുപ്പാണ്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 7 (ഖണ്ഡിക 12)

സ്ഫോടക വസ്തുക്കളുടെ ഉപയോഗം ലാഘവബുദ്ധിയോടുകൂടി കൈകാര്യം ചെയ്യുന്നത് വളരെ അപകടകരമാണെന്ന് സമിതി ഓർമ്മിപ്പിക്കുന്നു. ആയതിനാൽ ഇക്കാര്യങ്ങൾ പരിശോധിക്കുവാൻ സംസ്ഥാന പോലീസിലെ എക്സ്പ്ലോസീവ് വിഭാഗത്തിന്റെ ഒരു ടീം മാസത്തിലൊരിക്കലെങ്കിലും സംസ്ഥാന വ്യാപകമായി ക്വാറികളിൽ പരിശോധന നടത്തുന്നതിനുള്ള വ്യവസ്ഥകൾകൂടി ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## (എ) ആഭ്യന്തര (എഫ്) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 39956/എഫ്1/15/ആഭ്യന്തരം തീയതി 4-8-2015)

പാറഖനനത്തിനായി സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള ലൈസൻസുകളുടെ പരിശോധന പോലീസ് നടത്തുന്നുണ്ട്. സംസ്ഥാന പോലീസിലെ എക്സ്പ്ലോസീവ് സെല്ലിൽ മതിയായ ജീവനക്കാരും അടിസ്ഥാന സൗകര്യങ്ങളും നിലവിലില്ലാത്തതിനാൽ ക്വാറികൾ പ്രവർത്തിക്കുന്ന ജില്ലകളിൽ എക്സ്പ്ലോസീവ് വിഭാഗം പരിശോധന നടത്തുന്നതിന് നിലവിൽ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നമുറയ്ക്ക് ക്വാറികളിൽ പരിശോധന നടത്തുന്നത് ശക്തിപ്പെടുത്തുന്നതാണ്.

(5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 49456/പി2/14/റവ. തീയതി 11-8-2015)

അത്യന്തം പ്രാധാന്യമേറിയ മേൽനിർദ്ദേശം സ്വാംശീകരിച്ച് KMMC ചട്ടങ്ങളിൽ ഭേദഗതി നടപ്പിൽ വരുത്തുവാൻ വ്യവസായ വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (സി) വ്യവസായ (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ24322/എ 2/14/വ്യവ. തീയതി 19-9-2015)

പാറ ഖനനത്തിന് വെടിമരുന്ന് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് എക്സ്പ്ലോസീവ് ലൈസൻസ് നൽകുന്നത് പോലീസ് സൂപ്രണ്ട്, ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് അഡീഷണൽ ഡിവിഷണൽ ആഫീസർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. എക്സ്പ്ലോസീവ് ലൈസൻസ് ലഭിച്ചവർക്കുമാത്രമേ

മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് പാറഖനനത്തിന് അനുമതി നൽകുന്നുള്ളൂ. എന്നാൽ സ്ഫോടകവസ്തുക്കളുടെ അളവ്, അതു സംബന്ധിച്ച രജിസ്റ്റർ എന്നിവയുടെ പരിശോധനകൾ ഒന്നുംതന്നെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 8 (ഖണ്ഡിക 13)

ജനവാസമുള്ള പ്രദേശങ്ങളും ഇല്ലാത്ത പ്രദേശങ്ങളും എന്ന് രണ്ട് കാറ്റഗറിയായി വേർതിരിച്ച് എത്ര ദൂരപരിധി നിശ്ചയിക്കണമെന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ യോജിച്ച് ഒരു ഏകീകരണം ഉണ്ടാക്കണമെന്ന് ശിപാർശ ചെയ്യുന്നു. അതോടൊപ്പം ദൂരപരിധി കണക്കാക്കുന്നത് ജനവാസത്തെ മാത്രം ആശ്രയിച്ചായിരിക്കരുതെന്നും ഭൂപ്രകൃതിയുടെ പ്രത്യേകതകളും അവയുടെ സംരക്ഷണവും കൂടി ഇക്കാര്യത്തിൽ കണക്കാക്കണമെന്നും ഉപയോഗിക്കാവുന്ന പരമാവധി വിസ്ഫോടനത്തിന്റെ അളവ് എത്രയാണെന്ന് നിശ്ചയിക്കപ്പെടണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) റവന്യൂ (പി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 49456/പി2/2014/റവ. തീയതി 11-8-2015)

നിലവിൽ KMMC ചട്ടങ്ങൾ അനുസരിച്ച് സ്ഫോടകവസ്തുക്കൾ ഉപയോഗിക്കാതെയുള്ള ഖനനത്തിന് 50 മീറ്ററും സ്ഫോടകവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള ഖനനത്തിന് 100 മീറ്റർ ദൂരപരിധിയുമാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ സമിതി നിർദ്ദേശം പ്രാബല്യത്തിലാക്കുവാൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കുവാൻ വ്യവസായ വകുപ്പിനോടാവശ്യപ്പെടുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) വ്യവസായ (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 24322/എ 3/2014/വ്യവ. തീയതി 19-9-2015)

ജനവാസകേന്ദ്രങ്ങളിൽ നിന്നും ക്വാറികളിലേക്കുള്ള ദൂരം സംബന്ധിച്ച നിബന്ധനകൾ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെയും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും നിബന്ധനകൾ G.O.(P) No. 69/2015/ID dated 19-5-2015 ആയി ഏകീകരിച്ചുകൊണ്ട് 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ റൂൾ 10 ഭേദഗതി ചെയ്തുകൊണ്ട് സർക്കാർ ഗസറ്റ് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഖനനാനുമതി നൽകുന്ന സമയത്ത് സ്ഥലപരിശോധന നടത്തി മറ്റു കാര്യങ്ങളിലും വ്യക്തത വരുത്തുകയും ചെയ്യുന്നുണ്ട്. നിലവിൽ തടസ്സങ്ങളുള്ള സന്ദർഭങ്ങളിൽ ഖനനാനുമതി നൽകാറുമില്ല.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 9 (ഖണ്ഡിക 14)

എല്ലാ മെറ്റൽ ക്രഷർ യൂണിറ്റുകളിലെയും മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് മലിനീകരണനിയന്ത്രണ ബോർഡ് ഉറപ്പുവരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## (എ) പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 3727/എ 3/2014/പരി. തീയതി 11-8-2015)

മെറ്റൽ ക്രഷറുകളിൽ നിന്നുള്ള പരിസര മലിനീകരണപ്രശ്നങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി മലിനീകരണനിയന്ത്രണ ബോർഡിന്റേതായ ദൂരപരിധി മാനദണ്ഡം പാലിക്കുന്ന മെറ്റൽ ക്രഷറുകൾക്കുമാത്രമാണ് ബോർഡ് സ്ഥാപനാനുമതി നൽകുന്നത്. ഇങ്ങനെ നൽകുന്ന സ്ഥാപനാനുമതിയിലെ നിബന്ധനകൾ പാലിച്ചാൽ മാത്രമേ ടി യൂണിറ്റുകൾക്ക് ബോർഡ് പ്രവർത്തനാനുമതി നൽകുകയുള്ളൂ. നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന് ബോർഡ് ഉദ്യോഗസ്ഥർ സ്ഥലപരിശോധനയും യൂണിറ്റിലെ മലിനീകരണനിയന്ത്രണ സംവിധാനങ്ങളുടെ കാര്യക്ഷമത വിലയിരുത്തിയുമാണ് തീരുമാനിക്കുന്നത്.

പരിശോധനയിൽ പ്രവർത്തനാനുമതിയിലെ നിബന്ധനകളിൽനിന്ന് വ്യത്യസ്തമായി എന്തെങ്കിലും കണ്ടെത്തിയാൽ അവ പരിഹരിക്കുന്നതിനായി തൽസമയവും പിന്നീട് കത്തുമുഖേനയും നിർദ്ദേശങ്ങൾ നൽകുന്നു. ഇങ്ങനെ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് വീണ്ടും യൂണിറ്റുകളിൽ തുടർപരിശോധന നടത്തി ഉറപ്പുവരുത്തുന്നു. സംസ്ഥാനത്ത് 2014 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ ബോർഡിന്റെ വിവിധ ഓഫീസുകളിൽ നിന്നുമായി ഇത്തരത്തിൽ 520 പ്രാവശ്യം (മൊത്തത്തിൽ വിവിധ ജില്ലകളിലായി) മെറ്റൽ ക്രഷർ യൂണിറ്റുകളിൽ ബോർഡുദ്യോഗസ്ഥർ, തങ്ങളുടെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്നും യൂണിറ്റുകളിൽ നിന്നുള്ള വായു/ശബ്ദം അനുവദനീയ പരിധിയിലാണോ എന്നും വിലയിരുത്തുന്നതിനായി പരിശോധന നടത്തിയിട്ടുണ്ട്. ഇങ്ങനെ ബോർഡ് നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്തെ മെറ്റൽ ക്രഷറുകൾമൂലമുണ്ടാകുന്ന പരിസ്ഥിതി മലിനീകരണപ്രശ്നങ്ങൾ ഒരു പരിധിവരെ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ബോർഡ് നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാത്ത മെറ്റൽ ക്രഷറുകൾക്കെതിരെ സ്ഥാപനം അടച്ചുപൂട്ടാനുള്ള നടപടിവരെ ബോർഡിൽനിന്ന് സ്വീകരിക്കാറുണ്ട്. ഇങ്ങനെ കർശനമായ നിർദ്ദേശങ്ങൾ നൽകി അവ പാലിക്കുന്നുണ്ടോ എന്ന് തുടർ പരിശോധനയിലൂടെ നിരീക്ഷിക്കുന്നതുമൂലവും ക്രഷറുകൾക്ക് പഞ്ചായത്ത് ലൈസൻസിനായി ബോർഡിന്റെ അനുമതിപത്രം നിർബന്ധമായതിനാലും സംസ്ഥാനത്ത് നിലവിൽ അനധികൃതമായി ബോർഡിന്റെ അനുമതി ഇല്ലാതെ മെറ്റൽ ക്രഷറുകളൊന്നും പ്രവർത്തിക്കുന്നില്ലായെന്നാണ് വിവരങ്ങളിൽ നിന്ന് ബോധ്യമാകുന്നത് എന്നാണ് മലിനീകരണനിയന്ത്രണ ബോർഡ് സർക്കാരിനെ അറിയിച്ചിരിക്കുന്നത്.

(19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 49456/പി2/2014/റവ. തീയതി 11-8-2015)

ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം മലിനീകരണനിയന്ത്രണ ബോർഡിന് നൽകുവാൻ വ്യവസായ വകുപ്പിനോടാവശ്യപ്പെടുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 10 (ഖണ്ഡിക 15)

8 മീറ്ററിൽ കുറഞ്ഞ വീതിയുള്ള റോഡുകളിൽ 10 ടണ്ണിന് മുകളിൽ കപ്പാസിറ്റിയുള്ള വാഹനങ്ങൾ സഞ്ചരിക്കുന്നത് നിരോധിക്കണമെന്നും വാഹനങ്ങളിൽ കൊണ്ടുപോകുന്ന വസ്തുക്കൾ പൂർണ്ണമായും മൂടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ പരിശോധനകൾ നടത്തണമെന്നും ക്വാറികളുടെ പ്രവർത്തനംമൂലം പൊതുസ്വത്ത് നശിക്കാൻ ഇടവരുതതെന്നും അങ്ങനെ സംഭവിച്ചാൽ നഷ്ടം പരിഹരിക്കുന്നതിന് ക്വാറി ഉടമകളെ ചുമതലപ്പെടുത്തുന്ന നിയമവ്യവസ്ഥ കർശനമായി നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം ഖനനാനുമതി നൽകുന്നതിന് മുമ്പുതന്നെ മാലിന്യനിർമ്മാർജ്ജനത്തിനും പ്രകൃതിനാശം കുറയ്ക്കുന്നതിനുമുള്ള രൂപരേഖ വാങ്ങി പരിശോധിക്കുകയും ഇക്കാര്യങ്ങൾ കാര്യക്ഷമമായി നടത്തുന്നുവെന്ന് ഉറപ്പുവരുത്തുകയും ക്വാറി പ്രവർത്തനംമൂലം ഉണ്ടാകുന്ന പൊതുമുതൽ നഷ്ടം ഉടമകളിൽ നിന്നുതന്നെ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ലൈസൻസ് നൽകുന്ന അവസരത്തിൽത്തന്നെ ക്വാറിയുടമകളിൽ നിന്നും ഒരു നിശ്ചിത തുക ഡെപ്പോസിറ്റായി വാങ്ങത്തക്കവിധത്തിൽ നിർദ്ദിഷ്ടനിയമത്തിൽ ഒരു വ്യവസ്ഥ ഉൾപ്പെടുത്തുകയും അത് കർശനമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## (എ) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 49456/പി2/2014/റവ. തീയതി 11-8-2015)

ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിച്ച് KMMC ചട്ടങ്ങളിൽ ഭേദഗതി നടപ്പിൽവരുത്തുവാൻ വ്യവസായ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) ഗതാഗത (ബി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 4067/ബി2/2015/ഗത. തീയതി 19-9-2015)

1988-ലെ മോട്ടോർ വാഹന നിയമത്തിലെ 113-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന സർക്കാരിന് ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് പെർമിറ്റ് നൽകുന്നത് സംബന്ധിച്ച് മാനദണ്ഡം നിശ്ചയിക്കാവുന്നതാണ്. പ്രസ്തുത വകുപ്പ് നൽകിയിട്ടുള്ള അധികാരം ഉപയോഗിച്ചുകൊണ്ട് '8' മീറ്ററിൽ കുറഞ്ഞ വീതിയുള്ള റോഡുകളിൽ

10 ടണ്ണിന് മുകളിൽ കപ്പാസിറ്റിയുള്ള വാഹനങ്ങൾ സഞ്ചരിക്കുന്നത് പൂർണ്ണമായും നിരോധിക്കാവുന്നതാണെന്ന് ഗതാഗത കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതനുസരിച്ച് കരട് വിജ്ഞാപനം ലഭ്യമാക്കാൻ ഗതാഗത കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി കരട് വിജ്ഞാപനം ലഭ്യമാക്കുമ്പോൾ അതിന്റെ പ്രായോഗികവശങ്ങൾകൂടി കണക്കിലെടുത്ത് '8' മീറ്ററിൽ കുറഞ്ഞ വീതിയുള്ള റോഡുകളിൽ 10 ടണ്ണിനു മുകളിൽ കപ്പാസിറ്റിയുള്ള വാഹനങ്ങൾ സഞ്ചരിക്കുന്നത് നിരോധിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് സമിതിക്ക് അന്തിമ മറുപടി ലഭ്യമാക്കുന്നതാണ്.

ഗുഡ്സ് വാഹനങ്ങളിൽ കൊണ്ടുപോകുന്ന വസ്തുക്കൾ പൂർണ്ണമായും മൂടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 302 കർശനമായി നടപ്പിൽവരുത്താൻ ബന്ധപ്പെട്ട എല്ലാപേർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ഗതാഗത കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ അടിക്കടി ഗുഡ്സ് വാഹനങ്ങൾ പരിശോധിക്കുകയും ഈ ചട്ടം പാലിക്കാത്തതിന്റെ പേരിൽ സംസ്ഥാനത്ത് ആകമാനം 568 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (സി) വ്യവസായ (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 24322/എ 3/2014/വ്യവ. തീയതി 19-9-2015)

2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിലെ ചട്ടം 17, 63 പ്രകാരം ഖനനപ്രവൃത്തികൾമൂലമുള്ള നഷ്ടപരിഹാരത്തിനായി ഒരു Quarry Safety Fund രൂപീകരിക്കുന്നതിനും കൂടാതെ ക്വാറി ഉടമയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡികയിൽ പരാമർശിക്കുന്ന റോഡുനാശം മുതലായ നാശംവരുന്ന പൊതുമുതൽ പുനർനിർമ്മിക്കുന്നതിനായി മേൽപ്പറഞ്ഞ വ്യവസ്ഥകൾ ഉപയോഗിക്കുന്നതാണ്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ഡി) ഗതാഗത (ബി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 4067/ബി2/2015/ഗത. തീയതി 8-10-2015)

'8' മീറ്ററിൽ കുറഞ്ഞ വീതിയുള്ള റോഡുകളിൽ 10 ടണ്ണിന് മുകളിൽ കപ്പാസിറ്റിയുള്ള വാഹനങ്ങൾ സഞ്ചരിക്കുന്നത് പൂർണ്ണമായും നിരോധിക്കണമെന്ന സമിതിയുടെ ശിപാർശ അതേപടി നടപ്പിലാക്കിയാൽ മിക്ക ഗ്രാമീണ റോഡുകളിൽക്കൂടിയും നിർമ്മാണ

സാമഗ്രികൾ കൊണ്ടുപോകാൻ കഴിയാതെവരുമെന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ സർക്കാർ പരിഗണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ '6' മീറ്ററിൽ കുറഞ്ഞ വീതിയുള്ള റോഡുകളിൽ 10 ടണ്ണിന് മുകളിൽ കപ്പാസിറ്റിയുള്ള വാഹനങ്ങൾ പൂർണ്ണമായും നിരോധിച്ചുകൊണ്ട് 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 115-ാം വകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് 29-9-2015-ലെ സ.ഉ.(അച്ചടി) നമ്പർ 50/2015 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും അത് 30-9-2015-ൽ എസ്.ആർ.ഒ. നമ്പർ 651/2015 ആയി അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട് (എസ്.ആർ.ഒ.യുടെ പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.)

(11-11-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 11 (ഖണ്ഡിക 16)

നിബന്ധനകൾക്ക് വിധേയമായി ലൈസൻസ് ലഭിച്ചുകഴിഞ്ഞാൽ പാറമടകൾ പ്രവർത്തിക്കുന്നത് പ്രസ്തുത നിയമമനുസരിച്ച് തന്നെയാണോ എന്ന് പരിശോധിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് സംവിധാനമൊരുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കരിങ്കൽ ക്വാറികളിൽ മൈനിംഗ് നടത്തുമ്പോൾ സ്ഫോടകവസ്തുക്കൾ മിതമായി ഉപയോഗിക്കണമെന്നും കൂടുതൽ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെ ഉപയോഗിച്ച് സൂക്ഷ്മതയോടെ ഖനനപ്രവർത്തനങ്ങൾ നടത്തണമെന്നും ഇത് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കണമെന്നും ക്വാറി ഉടമകൾക്ക് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) റവന്യൂ (പി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 49456/പി2/2014/റവ. തീയതി 11-8-2015)

ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം ക്വാറി ഉടമകൾക്ക് പെർമിറ്റ് നൽകുന്ന വേളയിൽത്തന്നെ നൽകുവാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് നിർദ്ദേശം നൽകുവാൻ വ്യവസായ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) വ്യവസായ (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 24322/എ 3/2014/വ്യവ. തീയതി 19-9-2015)

ഖണ്ഡികയിൽ പരാമർശിക്കുന്ന തരത്തിൽ ക്വാറി പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ മൈനിംഗ് ആന്റ് ജിയോളജി കാര്യാലയത്തിലെ ജിയോളജിസ്റ്റ് മുതൽ ബന്ധപ്പെട്ട

എല്ലാ ഉദ്യോഗസ്ഥരും സാദ്ധ്യമായ സമയങ്ങളിലെല്ലാം ക്വാറികൾ പരിശോധിച്ച് നിയമലംഘനം നടക്കുന്നില്ലായെന്ന് ഉറപ്പുവരുത്താറുണ്ട്. നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ചട്ടങ്ങൾപ്രകാരം കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഫോടകവസ്തുവിന് ലൈസൻസ് നൽകുന്നതും ആയത് പരിപാലിക്കുന്നതും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ നടപടിക്രമങ്ങളിൽ ഉൾപ്പെടുന്നതല്ല. ആയതിനാൽ മേൽക്കാര്യം പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് ചീഫ് എന്നിവരെ അറിയിച്ചിട്ടുണ്ട്. ക്വാറി സുരക്ഷ സംബന്ധിച്ച് ജില്ലാ ജിയോളജിസ്റ്റുമാർ ക്വാറി പരിശോധിക്കുന്ന സന്ദർഭങ്ങളിൽ ക്വാറി ഉടമകൾക്ക് ആവശ്യമായ നിർദ്ദേശം നൽകാറുണ്ട്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (സി) തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 52360/ആർ.സി3/15/തസ്വഭവ. തീയതി 29-9-2015)

ക്വാറികളുടെ പ്രവർത്തനത്തിന് വിവിധ സാധ്യതകളെ ഏകോപിപ്പിച്ച് ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ടകാര്യങ്ങൾ പ്രത്യേകിച്ചും ക്വാറി അനുവദിക്കൽ, ക്വാറി അടയാളപ്പെടുത്തൽ, ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക, ഇൻസ്പെക്ഷൻ ഷെഡ്യൂളുകൾ, ഉപേക്ഷിക്കപ്പെട്ട ക്വാറികളുടെ സംരക്ഷണം തുടങ്ങിയവ പരിശോധിക്കുന്നതിനായി ഒരു കൈപ്പുസ്തകം തയ്യാറാക്കുന്നതിന് സ.ഉ.(സാധാ.) 890/2010/തസ്വഭവ. നമ്പർ ഉത്തരവുപ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. മാത്രമല്ല 7-2-2015-ൽ കേരള മൈനർ മിനറൽ കൺസെഷൻ റൂൾ നിലവിൽ വന്നിട്ടുള്ളതിനാൽ ആയതിന്റെ അടിസ്ഥാനത്തിലാണ് ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്. പ്രസ്തുത റൂളിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 12 [ഖണ്ഡിക 17 (i)]</u>

ഖനനാനുമതി നൽകുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾകൂടി പരിഗണിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖനനത്തിനുപയോഗിക്കാവുന്ന ഉപകരണങ്ങളുടെയും സ്ഫോടകവസ്തുക്കളുടെയും സൂക്ഷ്മവിവരങ്ങളും നീക്കംചെയ്യാവുന്ന അളവ് ഖനിജത്തിന്റെ കണക്കും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അടങ്ങുന്ന ഒരു കരാർ അനുമതിപത്രത്തിന്റെ ഭാഗമാക്കുകയും പ്രസ്തുത കരാർ പാലിക്കപ്പെടാത്തപക്ഷം നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുക.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 52360/ആർ.സി3/14/തസ്വഭവ. തീയതി 4-8-2015)

ഖണ്ഡിക 17(i),(iv),(v),vi) എന്നീ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്ന് നഗരസഭകൾക്കും പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകുന്നതാണ്.

(5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) റവന്യൂ (പി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 49456/പി2/14/റവ. തീയതി 11-8-2015)

ഖനനം നടത്തുന്നതിന് പെർമിറ്റ് നൽകുന്ന വേളയിൽ കണ്ടീഷൻസിൽ ഉൾപ്പെടുത്തി മേൽനിർദ്ദേശങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരുവാൻ വ്യവസായ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(സി) വ്യവസായ (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 24322/എ 3/14/വ്യവ. തീയതി 19-9-2015)

ഒരു ക്വാറിയിൽ നിന്നും ഖനനംചെയ്ത് നീക്കാവുന്ന ധാതുവിന്റെ അളവ് അല്ലെങ്കിൽ ഖനനത്തിന് അനുവദിച്ചിട്ടുള്ള സ്ഥലവിസ്തീർണ്ണം എന്നിവ വിശദമായിത്തന്നെ വകുപ്പ് നൽകുന്ന ഖനനാനുമതിയിൽ വ്യക്തമായി രേഖപ്പെടുത്തുന്നുണ്ട്. ആയത് ലംഘിക്കുന്നപക്ഷം 2015-ലെ കെ.എം.എം.സി. ചട്ടങ്ങൾ പ്രകാരം നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. 17(i)-ൽ പറയുന്ന മറ്റു വിഷയങ്ങൾ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പരിധിയിൽ വരുന്നവയല്ല.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ഡി) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 52360/ആർ.സി3/15/തസ്വഭവ. തീയതി 29-9-2015)

ക്വാറികളുടെ പ്രവർത്തനത്തിന് വിവിധ സാധ്യതകളെ ഏകോപിപ്പിച്ച് ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ട കാര്യങ്ങൾ പ്രത്യേകിച്ചും ക്വാറി അനുവദിക്കൽ,

ക്വാറി അടയാളപ്പെടുത്തൽ, ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക, ഇൻസ്പെക്ഷൻ ഷെഡ്യൂളുകൾ, ഉപേക്ഷിക്കപ്പെട്ട ക്വാറികളുടെ സംരക്ഷണം തുടങ്ങിയവ പരിശോധിക്കുന്നതിനായി ഒരു കൈപ്പുസ്തകം തയ്യാറാക്കുന്നതിന് സ.ഉ.(സാധാ.) നമ്പർ 890/2010/തസ്വഭവ. ഉത്തരവുപ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. മാത്രമല്ല 7-2-2015-ൽ കേരള മൈനർ മിനറൽ കൺസെഷൻ റൂൾ നിലവിൽ വന്നിട്ടുള്ളതിനാൽ ആയതിന്റെ അടിസ്ഥാനത്തിലാണ് ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്. പ്രസ്തുത റൂളിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 13 [ഖണ്ഡിക 17(ii)]

ഖനനം ചെയ്യുമ്പോൾ നീക്കുന്ന ടോപ്പ് സോയിലും ഓവർബർഡനും വിൽക്കാതെ സൂക്ഷിച്ചുവച്ചിട്ട് മൈനിംഗ് കഴിഞ്ഞ് കുഴിയായ പ്രദേശത്തിന്റെ 10% ഏരിയ വാട്ടർ സ്റ്റോറേജിനായി ഉപയോഗിച്ചതിനുശേഷം ബാക്കിഭാഗം ഈ മണ്ണ് ഉപയോഗിച്ച് നികത്തി അവിടെ തദ്ദേശീയമായിട്ടുള്ള സസ്യങ്ങൾ വച്ചുപിടിപ്പിക്കണം എന്ന വ്യവസ്ഥ നിർബന്ധമാക്കണം.

സർക്കാർ സ്വീകരിച്ച നടപടി

## (എ) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 49456/പി2/14/റവ. തീയതി 11-8-2015)

ഖനനം നടത്തുന്നതിന് പെർമിറ്റ് നൽകുന്ന വേളയിൽ കണ്ടീഷൻസിൽ ഉൾപ്പെടുത്തി മേൽനിർദ്ദേശങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരുവാൻ വ്യവസായ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) വ്യവസായ (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 24322/എ 3/14/വ്യവ. തീയതി 19-9-2015)

2015-ലെ കെ.എം.എം.സി ചട്ടം 15.77 എന്നിവയിൽ ഖനനം ചെയ്യുമ്പോൾ നീക്കംചെയ്യുന്ന ടോപ്പ് സോയിൽ, ഓവർബർഡൻ എന്നിവ ഖനന മേഖലയിൽനിന്ന് സുരക്ഷിതമായ ഭാഗത്ത് സൂക്ഷിക്കുകയും ഖനനശേഷം അവ ഖനനംമൂലം ഉണ്ടാകുന്ന കുഴി നികത്തുന്നതിന് ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മൈൻ പ്ലാനിലും തത്സംബന്ധമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി എല്ലാ ജില്ലാ ജിയോളജിസ്റ്റുമാർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (സി) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 52360/ആർ.സി3/15/തസ്വഭവ. തീയതി 29-9-2015)

ക്വാറികളുടെ പ്രവർത്തനത്തിന് വിവിധ സാധ്യതകളെ ഏകോപിപ്പിച്ച് ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ടകാര്യങ്ങൾ പ്രത്യേകിച്ചും ക്വാറി അനുവദിക്കൽ, ക്വാറി അടയാളപ്പെടുത്തൽ, ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക, ഇൻസ്പെക്ഷൻ ഷെഡ്യൂളുകൾ, ഉപേക്ഷിക്കപ്പെട്ട ക്വാറികളുടെ സംരക്ഷണം തുടങ്ങിയവ പരിശോധിക്കുന്നതിനായി ഒരു കൈപ്പുസ്തകം തയ്യാറാക്കുന്നതിന് സ.ഉ.(സാധാ.)നമ്പർ 890/2010/തസ്വഭവ. ഉത്തരവുപ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. മാത്രമല്ല 7-2-2015-ൽ കേരള മൈനർ മിനറൽ കൺസെഷൻ റൂൾ നിലവിൽ വന്നിട്ടുള്ളതിനാൽ ആയതിന്റെ അടിസ്ഥാനത്തിലാണ് ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്. പ്രസ്തുത റൂളിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 14[ഖണ്ഡിക 17(iii)]</u>

മൈനിംഗിനായി മരങ്ങൾ നശിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ പത്ത് ഇരട്ടിയെങ്കിലും നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടി (ഇക്കോ റീസ്റ്റോറേഷൻ) ഖനനം നടത്തുന്നവരെക്കൊണ്ട് നടപ്പാക്കണം.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## (എ) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 49456/പി2/14/റവ. തീയതി 11-8-2015)

ഖനനം നടത്തുന്നതിന് പെർമിറ്റ് നൽകുന്ന വേളയിൽ കണ്ടീഷൻസിൽ ഉൾപ്പെടുത്തി മേൽനിർദ്ദേശങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരുവാൻ വ്യവസായ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 52360/ആർ.സി3/15/തസ്വഭവ. തീയതി 29-9-2015)

ക്വാറികളുടെ പ്രവർത്തനത്തിന് വിവിധ സാധ്യതകളെ ഏകോപിപ്പിച്ച് ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ട കാര്യങ്ങൾ പ്രത്യേകിച്ചും ക്വാറി അനുവദിക്കൽ,

ക്വാറി അടയാളപ്പെടുത്തൽ, ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക, ഇൻസ്പെക്ഷൻ ഷെഡ്യൂളുകൾ, ഉപേക്ഷിക്കപ്പെട്ട ക്വാറികളുടെ സംരക്ഷണം തുടങ്ങിയവ പരിശോധിക്കുന്നതിനായി ഒരു കൈപ്പുസ്തകം തയ്യാറാക്കുന്നതിന് സ.ഉ.(സാധാ.) നമ്പർ 890/2010/തസ്വഭവ. ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. മാത്രമല്ല 7-2-2015-ൽ കേരള മൈനർ മിനറൽ കൺസെഷൻ റൂൾ നിലവിൽ വന്നിട്ടുള്ളതിനാൽ ആയതിന്റെ അടിസ്ഥാനത്തിലാണ് ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്. പ്രസ്തുത റൂളിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 15 [ഖണ്ഡിക 17(iv)]</u>

ചരിഞ്ഞ പ്രദേശത്ത് ഖനനത്തിന് അനുമതി നൽകുമ്പോൾ ബഞ്ച് കട്ടിംഗ് രീതിയിൽ ഖനനം നടത്തുന്നുവെന്ന് ഉറപ്പാക്കണം.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 52360/ആർ.സി3/14/തസ്വഭവ. തീയതി 4-8-2015)

ഖണ്ഡിക 17(i), (iv), (v), (vi) എന്നീ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്ന് നഗരസഭകൾക്കും പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകുന്നതാണ്.

(5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) റവന്യൂ (പി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 49456/പി2/14/റവ. തീയതി 11-8-2015.)

ഖനനം നടത്തുന്നതിന് പെർമിറ്റ് നൽകുന്ന വേളയിൽ കണ്ടീഷൻസിൽ ഉൾപ്പെടുത്തി മേൽനിർദ്ദേശങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരുവാൻ വ്യവസായ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(സി) വ്യവസായ (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 24322/എ 3/14/വ്യവ. തീയതി 19-9-2015)

ചരിഞ്ഞ പ്രദേശത്ത് ഖനനത്തിന് അനുമതി നൽകുമ്പോൾ ബഞ്ച് കട്ടിംഗ് രീതിയിൽ ഖനനം നടത്തുക എന്നത് 2015-ലെ കെ.എം.എം.സി. ചട്ടം 10(a)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

### (ഡി) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 52360/ആർ.സി3/15/തസ്വഭവ. തീയതി 29-9-2015)

ക്വാറികളുടെ പ്രവർത്തനത്തിന് വിവിധ സാധ്യതകളെ ഏകോപിപ്പിച്ച് ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ട കാര്യങ്ങൾ പ്രത്യേകിച്ചും ക്വാറി അനുവദിക്കൽ, ക്വാറി അടയാളപ്പെടുത്തൽ, ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക, ഇൻസ്പെക്ഷൻ ഷെഡ്യൂളുകൾ, ഉപേക്ഷിക്കപ്പെട്ട ക്വാറികളുടെ സംരക്ഷണം തുടങ്ങിയവ പരിശോധിക്കുന്നതിനായി ഒരു കൈപ്പുസ്തകം തയ്യാറാക്കുന്നതിന് സ.ഉ.(സാധാ.) നമ്പർ 890/2010/തസ്വഭവ. ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. മാത്രമല്ല 7-2-2015-ൽ കേരള മൈനർ മിനറൽ കൺസെഷൻ റൂൾ നിലവിൽ വന്നിട്ടുള്ളതിനാൽ ആയതിന്റെ അടിസ്ഥാനത്തിലാണ് ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്. പ്രസ്തുത റൂളിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 16 [ഖണ്ഡിക 17(v)]</u>

ഖനനസ്ഥലങ്ങളിൽനിന്നും പാറയുടെ പൊടി ഒഴുകി അടുത്തുള്ള കൃഷിയിടങ്ങൾ, അരുവികൾ, മറ്റ് ജലാശയങ്ങൾ എന്നിവിടങ്ങളിൽ ചെന്നുചേരുന്നത് ഒഴിവാക്കുവാൻ പാറമടകളിൽനിന്നും വെള്ളമൊലിച്ച് പോകുന്നതിന് കാര്യക്ഷമമായ ഡ്രെയിനേജ് സംവിധാനം സ്ഥാപിച്ചിട്ടുണ്ടെന്നും ഇതിനായി രണ്ട് സൈഡിലുള്ള ഓടവഴി വെള്ളം ഒരുവലിയ ടാങ്കിലെത്തിച്ച് ശുദ്ധീകരിച്ചതിനുശേഷം സ്പിൽഓവർ ആകുന്ന വെള്ളംമാത്രമേ പുറത്തേക്ക് പോകുന്നുള്ളൂ എന്ന് ഉറപ്പാക്കണം.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

### (എ) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 49456/പി2/14/റവ. തീയതി 11-8-2015)

ഖനനം നടത്തുന്നതിന് പെർമിറ്റ് നൽകുന്ന വേളയിൽ കണ്ടീഷൻസിൽ ഉൾപ്പെടുത്തി മേൽനിർദ്ദേശങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരുവാൻ വ്യവസായ വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

### (ബി) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 52360/ആർ.സി 3/14/തസ്വഭവ. തീയതി 4-8-2015)

ഖണ്ഡിക 17(i), (iv), (v), (vi) എന്നീ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്ന് നഗരസഭകൾക്കും പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകുന്നതാണ്.

(5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

### (സി) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 52360/ആർ.സി3/15/തസ്വഭവ. തീയതി 29-9-2015)

ക്വാറികളുടെ പ്രവർത്തനത്തിന് വിവിധ സാധ്യതകളെ ഏകോപിപ്പിച്ച് ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ട കാര്യങ്ങൾ പ്രത്യേകിച്ചും ക്വാറി അനുവദിക്കൽ, ക്വാറി അടയാളപ്പെടുത്തൽ, ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക, ഇൻസ്പെക്ഷൻ ഷെഡ്യൂളുകൾ, ഉപേക്ഷിക്കപ്പെട്ട ക്വാറികളുടെ സംരക്ഷണം തുടങ്ങിയവ പരിശോധിക്കുന്നതിനായി ഒരു കൈപ്പുസ്തകം തയ്യാറാക്കുന്നതിന് സ.ഉ.(സാധാ.) നമ്പർ 890/2010/തസ്വഭവ. ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. മാത്രമല്ല 7-2-2015-ൽ കേരള മൈനർ മിനറൽ കൺസെഷൻ റൂൾ നിലവിൽ വന്നിട്ടുള്ളതിനാൽ ആയതിന്റെ അടിസ്ഥാനത്തിലാണ് ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്. പ്രസ്തുത റൂളിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

### (ഡി) പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 4658/എ 3/15/പരി. തീയതി 29-1-2016)

പാറമടകൾക്ക് അനുമതിപത്രം നൽകുമ്പോൾ വെള്ളം ഒലിച്ചുപോകുന്നതിന് കാര്യക്ഷമമായ ഡ്രെയിനേജ് സംവിധാനങ്ങൾ ഏർപ്പെടുത്താൻ സംസ്ഥാന മലിനീകരണ ബോർഡ് നിഷ്കർഷിക്കുന്നുണ്ട്. ഖനനസ്ഥലങ്ങളിൽ നിന്നുള്ള പാറപ്പൊടി അടങ്ങിയ വെള്ളം ഒഴുകിവരുമ്പോൾ പാറപ്പൊടി തടഞ്ഞുനിർത്തി വെള്ളം മാത്രം കടത്തിവിടുന്നതിനുള്ള ഡിലേ പോണ്ട്/സെറ്റിലിംഗ് പോണ്ട് സംവിധാനം ഏർപ്പെടുത്താനും പാറമട ഉടമകൾക്ക് നിർദ്ദേശം നൽകിവരുന്നുണ്ട്.

(18 -2-2016-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 17 [ഖണ്ഡിക 17(vi)]

ശബ്ദമലിനീകരണം തടയുന്നതിനും പൊടിശല്യം കുറയ്ക്കുന്നതിനുമായി ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നൂതനമാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണെന്നും അത് പ്രാവർത്തികമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) റവന്യു (പി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 49456/പി2/14/റവ. തീയതി 11-8-2015)

ഖനനം നടത്തുന്നതിന് പെർമിറ്റ് നൽകുന്ന വേളയിൽ കണ്ടീഷൻസിൽ ഉൾപ്പെടുത്തി മേൽനിർദ്ദേശങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരുവാൻ വ്യവസായ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 52360/ആർ.സി3/14/തസ്വഭവ. തീയതി 4-8-2015)

ഖണ്ഡിക 17(i), (iv), (v), (vi) എന്നീ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്ന് നഗരസഭകൾക്കും പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകുന്നതാണ്.

(5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(സി) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 52360/ആർ.സി3/15/തസ്വഭവ. തീയതി 29-9-2015)

ക്വാറികളുടെ പ്രവർത്തനത്തിന് വിവിധ സാധ്യതകളെ ഏകോപിപ്പിച്ച് ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ട കാര്യങ്ങൾ പ്രത്യേകിച്ചും ക്വാറി അനുവദിക്കൽ, ക്വാറി അടയാളപ്പെടുത്തൽ, ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക, ഇൻസ്പെക്ഷൻ ഷെഡ്യൂളുകൾ, ഉപേക്ഷിക്കപ്പെട്ട ക്വാറികളുടെ സംരക്ഷണം തുടങ്ങിയവ പരിശോധിക്കുന്നതിനായി ഒരു കൈപ്പുസ്തകം തയ്യാറാക്കുന്നതിന് സ.ഉ.(സാധാ.) നമ്പർ 890/2010/തസ്വഭവ. ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. മാത്രമല്ല 7-2-2015-ൽ കേരള മൈനർ മിനറൽ കൺസെഷൻ റൂൾ നിലവിൽ വന്നിട്ടുള്ളതിനാൽ ആയതിന്റെ അടിസ്ഥാനത്തിലാണ് ക്വാറികളുടെ

പ്രവർത്തനം നിയന്ത്രിക്കുന്നത്. പ്രസ്തുത റൂളിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(30-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 18 (ഖണ്ഡിക 18)

പ്രാദേശിക തലത്തിലുള്ള അതിശക്തമായ നിരീക്ഷണ സംവിധാനം ഉറപ്പാക്കിയാൽ മാത്രമേ അനിയന്ത്രിത പാറഖനനംപോലുള്ള പാരിസ്ഥിതിക ശോഷണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുവാൻ കഴിയൂ എന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ ഇക്കാര്യത്തിൽ സജീവമായി പ്രവർത്തിക്കേണ്ട പരിസ്ഥിതി വകുപ്പിന് ജില്ലാതലത്തിലോ മറ്റേതെങ്കിലും തലത്തിലോ നിലവിൽ ഉദ്യോഗസ്ഥ സംവിധാനങ്ങളുമില്ല. സംസ്ഥാന പരിസ്ഥിതി നയം പുതുക്കുന്നതിന്റെ ഭാഗമായി പാരിസ്ഥിതിക നാശം ഉണ്ടാക്കുന്നതും പാരിസ്ഥിതിക നിയമവ്യവസ്ഥകൾ ലംഘിക്കുന്നതുമായ സംഭവങ്ങൾ തടയുന്നതിനായി സംസ്ഥാനത്ത് ഒരു പരിസ്ഥിതി പോലീസ് സംവിധാനം ഉണ്ടാക്കണമെന്ന നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈ സംവിധാനം നിലവിൽ വരുന്നപക്ഷം അനധികൃത ക്വാറികളെ കണ്ടെത്താനും ഫലപ്രദമായി തടയാനും സാധിക്കുന്നതാണ്. ആയതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) റവന്യൂ (പി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 49456/പി2/14/റവ. തീയതി 11-8-2015)

ഇക്കാര്യത്തിലുള്ള സമിതി നിർദ്ദേശങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് വ്യവസായ വകുപ്പിനോടാവശ്യപ്പെടുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 13/എ 2/16/പരി. തീയതി 11-1-2016)

പരിസ്ഥിതി വകുപ്പിന് മേഖലാതലത്തിലോ ജില്ലാതലത്തിലോ ഓഫീസുകളില്ല. സംസ്ഥാന പാരിസ്ഥിതിക നയം പുതുക്കുന്നതിന്റെ ഭാഗമായി പാരിസ്ഥിതിക നാശം ഉണ്ടാക്കുന്നതും പാരിസ്ഥിതിക നിയമവ്യവസ്ഥകൾ ലംഘിക്കുന്നതുമായ സംഭവങ്ങൾ തടയുന്നതിനായി സംസ്ഥാന പോലീസ് സംവിധാനത്തിൽ ഒരു പരിസ്ഥിതി പോലീസ് വിംഗ് (Environmental Policing) ഉണ്ടാക്കുന്നതിനായി സർക്കാർ

ആലോചിച്ചിരുന്നു. 2013-ലെ കരട് പരിസ്ഥിതി നയത്തിൽ ഇക്കാര്യം ഉൾപ്പെടുത്തിയിരുന്നു. എങ്കിലും ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ലാത്തതിനാൽ പരിസ്ഥിതി പോലീസ് സംവിധാനം നിലവിൽ വന്നിട്ടില്ല.

(13-1-2016-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>അദ്ധ്യായം III</u>

## ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശ, ബന്ധപ്പെട്ട സർക്കാർ വകുപ്പ്, അതിന്മേലുള്ള സമിതി തീരുമാനം എന്നിവ സംബന്ധിച്ച വിശദാംശം

<u>ശിപാർശ 14 [ഖണ്ഡിക 17(iii)]</u>

മൈനിംഗിനായി മരങ്ങൾ നശിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ 10 ഇരട്ടിയെങ്കിലും നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടി (ഇക്കോ റീസ്റ്റോറേഷൻ) ഖനനം നടത്തുന്നവരെക്കൊണ്ട് നടപ്പാക്കുക.

(ശിപാർശ സംബന്ധിച്ച മറുപടി രണ്ടാഴ്ചയ്ക്കകം ലഭ്യമാക്കാമെന്ന് 13-1-2016-ലെ തെളിവെടുപ്പ് യോഗത്തിൽ വ്യവസായ വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകിയിരുന്നെങ്കിലും ആയത് ലഭ്യമാക്കിയില്ല.)

<u>സമിതിയുടെ തുടർ ശിപാർശ</u>

**റിപ്പോർട്ടിലെ 14-ാം നമ്പർ ശിപാർശയിന്മേൽ [ഖണ്ഡിക 17(iii)] വ്യവസായ വകുപ്പ് ലഭ്യമാക്കാമെന്ന് ഉറപ്പുനൽകിയിരുന്ന മറുപടി യഥാസമയം ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത മറുപടി അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

സി. പി. മുഹമ്മദ്,

*അദ്ധ്യക്ഷൻ,*

*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

2016 ഫെബ്രുവരി 18.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.